## 2024-ITERO-S—ദൂത് ഏഴ്—ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജൈവിക കെട്ടുപണിക്കുവേണ്ടി ജീവകൃപയുടെ പഥ്യവചനങ്ങൾ സംസാരിച്ചുകൊണ്ട് ദൈവത്തിന്റെ നിത്യവ്യവസ്ഥയെക്കുറിച്ചുള്ള പഥ്യോപദേശം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിനായ് നമ്മേ ശക്തിപ്പെടുത്തുന്ന കൃപയായിരിക്കുവാൻ കർത്താവ് നമ്മുടെ ആത്മാവിനാടുകൂടെ ആയിരിക്കുന്നു

### കൃപയായി കർത്താവ് നമ്മുടെ ആത്മാവോടുകൂടെയുണ്ട്

**I. പഥ്യോപദേശം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിനായ് നമ്മെ ശക്തിപ്പെടുത്തുന്ന കൃപയായി നാം അവനെ ആസ്വദിക്കേണ്ടതിന് കർത്താവ് നമ്മുടെ ആത്മാവോടു കൂടെയുണ്ട്**

- **ആത്മാവായ്—**2 തിമൊ. നമ്മുടെ ദൈവദത്തമായ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതിൽനിന്ന് ആരംഭിക്കുകയും, നമ്മെ ശക്തിപ്പെടുത്തുന്ന കൃപയാകുവാൻ കർത്താവ് നമ്മുടെ ആത്മാവോടുകൂടെ ആയിരുന്നുകൊണ്ട് അവസാനിക്കുകയും ചെയ്യുന്നു
- **കൃപയായ്—**2 തിമൊ. ആരംഭിക്കുന്നത് നമ്മെ രക്ഷിക്കുന്ന കൃപയോടും തുടരുന്നത് നമ്മെ ശക്തിപ്പെടുത്തുന്ന കൃപയോടും അവസാനിക്കുന്നത് നമ്മോടുകൂടെ എന്നേക്കും സന്നിഹിതമായ കൃപയോടും കൂടെയാണ്.

### ഏകാത്മാവ്—താക്കോലും, വൈദഗ്ധ്യവും രഹസ്യവും

**II. കർത്താവ് ആത്മാവായിത്തീർന്നു**

- ഇഴുകിച്ചേർന്ന ഏകാത്മാവാണ് ആത്മിക കൂട്ടായ്മയുടെ താക്കോൽ
- ഇഴുകിച്ചേർന്ന ഏകാത്മാവിന്റെ പ്രവർത്തനമാണ് ദൈവത്തിന്റെ ജൈവിക രക്ഷയുടെ എല്ലാ വശങ്ങളുടെ വൈദഗ്ധ്യവും രഹസ്യവും

### ചംക്രമണം ചെയ്യുന്ന ത്രിയേകദൈവമാണ് കൃപ

**III. കൃപ എന്നത് നമ്മുടെ ആസ്വാദനത്തിനായ് താൻ ആയിരിക്കുന്നതിനെ നമ്മിലേക്ക് `പകരുന്ന ചംക്രമണം ചെയ്യുന്ന ത്രിയേകദൈവമാണ്**

- കൃപ എന്നത് നമ്മിൽ വസിക്കുവാനും, നമ്മിൽ ജനിക്കുവാനും, നമ്മോട് ഒന്നാകുവാനും, നാമായിത്തീരുവാനുമുള്ള ദൈവത്തിന്റെ സന്ദർശനമാണ്
- കൃപ എന്നത് മൂന്ന് ഭാവങ്ങളിൽ ത്രിയേക ദൈവത്തിന്റെ ദേഹരൂപമെന്ന നിലയിൽ അത്ഭുതവാനായ ക്രിസ്തു താൻ തന്നെയാണ്:
  - **അവൻ ആയിരിക്കുന്നതിൽ—**അത്ഭുതവാനായ ക്രിസ്തു താൻ ആയിരിക്കുന്നത്
  - **അവൻ നൽകുന്നതിൽ—**നമുക്ക് നൽകപ്പെട്ട, നമ്മിലേക്ക് പകരപ്പെട്ട, ക്രിസ്തുയേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായ അത്ഭുതവാനായ ക്രിസ്തു
  - **അവൻ നമുക്കുവേണ്ടി ചെയ്യുന്നതിൽ—**നമുക്കു വേണ്ടി നമ്മിൽ സകലവും ചെയ്യുന്ന, നമ്മുടെ ഭാരവാഹകൻ, നമ്മെ താങ്ങുകയും പരിപാലി ക്കുകയും ശക്തിപ്പെടുത്തുകയും മറയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അത്ഭുതവാനായ ക്രിസ്തു

### നല്ല നിക്ഷേപം കാക്കണം

**IV. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം കർത്താവിന്റെ പഥ്യവചനങ്ങളുടെ നല്ല നിക്ഷേപം നാം കാക്കണം**

- നിക്ഷേപം എന്നത്—കർത്താവിന്റെ വചനങ്ങളിലെ ജീവസമ്പത്ത് ഉൾപ്പെടെ, ദൈവത്തിന്റെ വ്യവസ്ഥയുടെ പഥ്യവചനങ്ങളെ നമ്മുടെ ആളത്തത്തിൽ നിക്ഷേപിച്ചിരിക്കുന്നത്
- വചനത്താൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട് പഥ്യവചന ങ്ങളാൽ ജീവിക്കുന്നതിലൂടെ പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളണം
- നിക്ഷേപം കാക്കുവാനുള്ള മാർഗം—ആത്മാവിന്റെ വ്യായാമത്തിലൂടെ

### ജീവകൃപയുടെ വചനങ്ങൾ സംസാരിക്കണം

**V. പഥ്യോപദേശം ശുശ്രൂഷിക്കുന്നതിന് ജീവന്റെ വചനങ്ങളും, ജീവകൃപയുടെ വചനങ്ങളും ആയ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പഥ്യവചനങ്ങളോടുകൂടെ നാം സംസാരിക്കണം**

- നമ്മുടെ ജീവനും ജീവസഹായവുമായ ത്രിയേക ദൈവമാണ് ജീവന്റെ കൃപ
- കർത്താവ് സംസാരിച്ചപ്പോൾ അവന്റെ വായിൽനിന്നു കൃപയുടെ വചനങ്ങൾ പുറത്തു വന്നു. അവന്റെ അധരങ്ങളിന്മേൽ കൃപ പകരപ്പെട്ടു
- നമ്മുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടണം
- മറ്റുള്ളവർക്കായി ദൈവകൃപയുടെ കാര്യവിചാരകത്വം നമുക്ക് നൽകപ്പെട്ടിരിക്കുന്നു
- നാം ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായിരിക്കണം
- ദൈവത്തിന്റെ കൃപയുടെ വചനങ്ങളെ നാം ഹൃദയത്തിൽ സംഗ്രഹിക്കണം, കാരണം ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്

### ദൈവകൃപയിൽ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും നമ്മെത്തന്നെ നടത്തണം

**VI. ദൈവകൃപയിൽ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, നമ്മെത്തന്നെ നടത്തണം**

- **ഏകാഗ്രത—**ഏകാഗ്രതയിൽ പെരുമാറുക എന്നത് നമ്മുടെ ആത്മവിശ്വാസം നമ്മളിൽത്തന്നെയോ നമ്മുടെ സ്വാഭാവികമായ മനുഷ്യകഴിവിലോ നാം അടിസ്ഥാനപ്പെടുത്തുന്നില്ല എന്നാണ്
- **ആത്മാർഥത—**ദൈവത്തിന്റെ ആത്മാർഥതയിൽ പെരു മാറുക എന്നത് ദൈവകൃപയിൽ ആയിരിക്കുന്നതാണ്
- **ദൈവകൃപയിൽ—**നമ്മുടെ ആസ്വാദനത്തിനുള്ള ദൈവ മാണ് കൃപ, ഈ കൃപയെ, കൃപമേൽ കൃപയെ, നാം നിരന്തരം സ്വീകരിക്കണം

### കൃപ ആസ്വദിക്കുന്നതിന്റെ പരിണതി

**VII. നാം വിശുദ്ധന്മാരായതിനാൽ കർത്താവായ യേശുവിന്റെ കൃപ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും നമ്മിൽ ഓരോരുത്തരോടുംകൂടെ ഉണ്ടായിരിക്കണം; ഈ കൃപ പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു**